**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 344** **27-01-2026 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട നിയോജക മണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട നിയോജക മണ്ഡലത്തിലെ ആറ് പഞ്ചായത്തുകളിലായി ലൈഫ് ഭവന പദ്ധതി പ്രകാരം പൂർത്തിയാക്കിയ വീടുകൾ, ഇനിയും പൂർത്തിയാക്കാനുള്ളവ, ലഭിച്ച അപേക്ഷകൾ എന്നിവ പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ; | (എ) | 20.01.2026 വരെയുള്ള പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കാട്ടാക്കട പഞ്ചായത്തിൽ നിർമ്മിച്ച ലൈഫ് ഭവന സമുച്ചയത്തിന് എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭ്യമായത്; നിർമ്മാണം ആരംഭിച്ചതും പൂർത്തിയാക്കിയതും എന്നാണ്; എത്ര കുടുംബങ്ങൾക്കാണ് അവിടെ താമസമൊരുക്കിയത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ച ഭവനസമുച്ചയത്തിന് 374 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് ലഭ്യമായത്. 27.10.2020-ൽ ആരംഭിച്ചു. 21.07.2022-ൽ ആദ്യ ബ്ലോക്കിന്റെ പണി പൂർത്തീകരിക്കുകയും 16 കുടുംബങ്ങളെ പുനരധിവസിപ്പിക്കുകയും ചെയ്തു. 2025 നവംബർ 7-ന് രണ്ടാമത്തെ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാക്കി. 12 കുടുംബങ്ങളെ പുനരധിവസിപ്പിച്ചു. ആകെ 28 കുടുംബങ്ങൾക്കാണ് രണ്ട് ബ്ലോക്കുക ളിലുമായി താമസമൊരുക്കിയത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| തദ്ദേശ സ്ഥാപനം | ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടവർ | കരാറിലേർപ്പെട്ട വരുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം | നിർമ്മാണ പുരോഗതിയിലുള്ള വരുടെ എണ്ണം |
|---|---|---|---|---|
| കാട്ടാക്കട | 1435 | 802 | 680 | 122 |
| മലയിൻകീഴ് | 1120 | 902 | 791 | 111 |
| മാറനല്ലൂർ | 1577 | 840 | 745 | 95 |
| പള്ളിച്ചൽ | 1896 | 1097 | 989 | 108 |
| വിളപ്പിൽ | 1225 | 559 | 438 | 121 |
| വിളവൂർക്കൽ | 875 | 511 | 301 | 210 |
| **ആകെ** | **8128** | **4711** | **3944** | **767** |